**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഖാദി ഉല്പന്നങ്ങളെ ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പുതുതലമുറയെ ആകർഷിക്കത്തതായ നവീന വസ്ത്ര വൈവിധ്യങ്ങൾ വിപണിയിലെത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവീന വസ്ത്ര വൈവിദ്ധ്യങ്ങൾ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത ഖാദി വസ്ത്ര ഉൽപ്പന്നങ്ങൾ കൂടാതെ പുതിയ ഡിസൈനിലുള്ള വസ്ത്രങ്ങൾ, കിഡ്സ് വെയർ, ലേഡീസ് ടോപ്പ്സ്, ബർമൂഡ, ഖാദിജൂൾ എന്ന പേരിൽ ഖാദി പാന്റ്സ്, ഡോക്ടേഴ്സ്/നഴ്സസ് കോട്ട് തുടങ്ങിയവ വിപണിയിൽ ലഭ്യമാക്കി. പുതിയ തലമുറയ്ക്കനുസൃതമായ രീതിയിലുള്ള ഡിസൈൻ വസ്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ഫാഷൻ ഡിസൈനേഴ്സിന്റെ സഹായത്തോടെ പുതിയ ഡിസൈനിലുള്ള വസ്ത്രങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നുണ്ട്.<br><br>ഖാദി ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയ്ക്ക് വിദേശത്തും അവസരം ഒരുക്കി. ദുബായ്, അബുദാബി എന്നീ രാജ്യങ്ങളിലേയ്ക്ക് ഖാദി വസ്ത്രങ്ങൾ കയറ്റി അയച്ചു. ഈ വർഷം മുതൽ ജർമനി യിലെ MORE LIFE STYLE എന്ന സ്ഥാപനവുമായി സഹകരിച്ച് ഖാദി കിഡ്സ് വെയർ ജർമനിയിലേയ്ക്ക് കയറ്റി അയക്കാൻ ആരംഭിച്ചു. |
| (ബി) | എങ്കിൽ ഇതിനായി കേരള ഖാദി എന്ന ബ്രാൻഡ് പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | "കേരള ഖാദി" എന്ന ബ്രാൻഡ് ഇപ്പോൾതന്നെ വിപണിയിൽ ഉണ്ട്. |
| (സി) | ഇ-കൊമേഴ്സ് വഴി ഖാദി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ഖാദി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഉണ്ട്. നിലവിൽ "കേരള ഖാദി"എന്ന പേരിൽ ഖാദി വ്യാപാരം ഇ-കൊമേഴ്സ് വഴി നടത്തി വരുന്നു. ഇതോടൊപ്പം ഖാദി ബോർഡ് സ്വന്തമായി ഒരു ഓൺലൈൻ പ്ലാററ്ഫോം വികസിപ്പിക്കുന്നതിനും അതിന്റെ ഭാഗമായി കേരള ഖാദി എന്ന ബ്രാൻഡിൽ |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ ഖാദി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഖാദി മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിന് മൗലികമായ പുനഃസംഘാടനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഖാദി മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിന് മൗലികമായ പുനഃസംഘാടനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കിവരുന്നു.<br><br>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/ നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിനും, ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഖാദി മേഖല ആധുനികവത്ക്കരിക്കുന്നതിനും അതിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചു. അതിൻപ്രകാരം ഖാദി മേഖലയിൽ സോളാർ ചർക്കകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചും ഗ്രാമവ്യവസായം, പി.എം.ഇ.ജി.പി. എന്നീ മേഖലകളിലെ സാധ്യതകൾ ഉപയോഗിച്ച് പുതിയ സ്കീമുകൾ ഉൾപ്പെടുത്തുന്നതിനെപ്പറ്റിയും ഐ.ഐ.റ്റി. ചെന്നൈയുടെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാന ത്തിൽ ഐ.ഐ.റ്റി. പ്രതിനിധികൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഖാദി യൂണിറ്റുകൾ, വ്യവസായ യൂണിറ്റുകൾ, പി.എം.ഇ.ജി.പി. യൂണിറ്റുകൾ, കാര്യാലയങ്ങൾ, തുടങ്ങിയവ സന്ദർശിക്കുകയും ചർച്ചകൾ തുടങ്ങിയവ നടത്തിയതിന്റെ അടിസ്ഥാനത്തിലും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. ടി മാസ്റ്റർ പ്ലാൻ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ